
# SYRIAN CHRISTIAN SEMINARY HIGHER SECONDARY SCHOOL

**THIRUVALLA, PHONE: 0469 - 2630859**

**ESTD - 1902**



# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 – 26

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ഹെഡ്മിസ്ട്രസിൽ നിന്നും | 1 |
| 2. | സ്കൂൾഗാനം | 2 |
| 3. | സ്കൂൾ പ്രൊഫൈൽ | 3 |
| 4. | ഗൂഗിൾ മാപ്പ് | 4 |
| 5. | സ്റ്റാഫ് സ്റ്റേറ്റ്മെന്റ് | 5-8 |
| 6. | സ്കൂൾ ഫോട്ടോ | 9 |
| 7. | ആമുഖം | 10 |
| 8. | ചരിത്രം | 11 |
| 8. | ഇന്ന് | 12-13 |
| 9. | പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടം | 14-15 |
| 10. | യു.പി. വിഭാഗം (മലയാളം) | 16-23 |
| 11. | " (ഇംഗ്ലീഷ്) | 24-26 |
| 12. | " (ഹിന്ദി) | 27-29 |
| 13. | " (സയൻസ്) | 30-34 |
| 14. | " (സാമൂഹ്യപാഠം) | 35-38 |
| 15. | " (കണക്ക്) | 39-42 |
| 16. | " (ഐ.റ്റി) | 43-46 |
| 17. | ഹൈസ്കൂൾ വിഭാഗം (മലയാളം) | 47-52 |
| 18. | " (ഇംഗ്ലീഷ്) | 53-56 |
| 19. | " (ഹിന്ദി) | 57-61 |
| 20. | " (സയൻസ്) | 62-64 |
| 21. | " (സാമൂഹ്യപാഠം) | 65-72 |
| 22. | " (കണക്ക്) | 73-76 |
| 23. | " (ഐ.റ്റി) | 77-81 |
| 24. | കലാപഠനം | 82-87 |
| 25. | കായികപഠനം | 88-94 |
| 26. | പ്രവൃത്തിപരിചയപഠനം | 95-98 |
| 27. | ആരോഗ്യവിഭാഗം | 99-102 |
| 28. | ഉപസംഹാരം | 103 |

School Name : S.C.SEMINARY HIGHER SECONDARY SCHOOL

Sub District : THIRUVALLA

Edn. District : THIRUVALLA

Revenue District : PATHANAMTHITTA

School Code : 37045

Email : scshstvla@gmail.com

Name of HM : SMT. RENY VARUGHESE

School Phone No. : 0469 2630859

Google Maps




Imagery ©2018 CNES / Airbus, DigitalGlobe, Map data ©2018 Google 20 m

# ആമുഖം

ആധുനിക വിദ്യാഭ്യാസരംഗം നേരിടുന്ന നൂതനമായ വെല്ലുവിളികളെ തരണം ചെയ്യു വാൻ തക്ക പാകത്തിൽ എയ്ഡഡ് - സർക്കാർ വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തേണ്ട സാഹചര്യമാണ് ഇന്നുള്ളത്. സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന ഇത്തരം സ്കൂളുക ളുടെ അതിജീവനം വെല്ലുവിളികൾ നിറഞ്ഞതാക്കി മാറ്റി അനുദിനം മാറിക്കൊണ്ടിരിക്കുന്ന നൂതന സാങ്കേതിക വിദ്യകളും മാധ്യമങ്ങളും കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തു വാൻ സഹായിച്ചിട്ടുണ്ടെങ്കിലും തനതായ സാംസ്കാരിക മൂല്യച്യുതിയ്ക്കു കാരണമായി പാത്രീഭവിച്ചിട്ടുണ്ട്.

ഇതുകൂടാതെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ലഭ്യമാ കുന്ന ഫണ്ടുകളുടെ ദീർഘവീക്ഷണമില്ലാത്ത വിനിയോഗവും അദ്ധ്യാപന രീതികളിൽ കാലാ നുസൃതമായ മാറ്റങ്ങൾ കാര്യക്ഷമമായി നടപ്പിൽ വരുത്തുവാൻ കഴിയാതെ വന്നതുമെല്ലാം വിദ്യാഭ്യാസനിലവാരത്തിന്റെ മൂല്യശോഷണത്തിനു നിദാനമായിട്ടുള്ളതിനാൽ ഇത്തരം പ്രശ്നങ്ങളെല്ലാം നേരിടുവാൻ കഴിയുന്ന തരത്തിലുള്ള വികസനമാണ് ഈ കാലഘട്ടത്തിൽ ആവശ്യമായിട്ടുള്ളത്.

# ചരിത്രം

"തമസോ മാ ജ്യോതിർഗമയ" എന്ന ഉപനിഷത്ത് വാക്യം ഹൃദയമന്ത്രമാക്കി, ലോകത്തിന്റെ വെളിച്ചമാകുക എന്ന ക്രിസ്തുവചനം കർമ്മമാർഗ്ഗമായി തെരഞ്ഞെടുത്ത നിഷ്കാമ കർമ്മികളായ ഒരു പറ്റം സഭാസ്നേഹികളുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിന്റെ മഹദ് മാതൃകയാണ് **എസ്.സി. സെമിനാരി ഹയർ സെക്കന്ററി സ്കൂൾ.**

മലങ്കര സഭയിലെ നവീകരണ ദർശന സാക്ഷ്യമാണ് പള്ളിയോടൊപ്പം പള്ളിക്കൂടവും സ്ഥാപിതമാവുകയെന്ന ആശയം. പ്രശസ്തമായ പാലക്കുന്നത്ത് കുടുംബത്തിൽ നിന്നും സഭാനേതൃത്വത്തെ നയിച്ചിരുന്ന "5" മെത്രാപ്പോലീത്തമാരും സഭയ്ക്കു വിദ്യാലയങ്ങൾ തുടങ്ങുന്നതിന് ജാഗ്രതകാട്ടി.

**മാർത്തോമ്മാ സഭയുടെ പരമ അദ്ധ്യക്ഷനായിരിക്കുന്ന അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമനസ്സിന്റെ** പിതാമഹനായിരുന്ന അന്നത്തെ തീത്തൂസ് പ്രഥമൻ മെത്രാപ്പോലീത്താ തിരുമേനിയുടെയും വികാരി ജനറാൾ വന്ദ്യ ശ്രീ. കോവൂർ ഐപ്പ് തോമാ കത്തനാരുടെയും ശ്രീ. കെ.എം. എബ്രഹാം (കാഞ്ഞിരംമൂട്ടിൽ) ശ്രീ. വി.പി. മാമ്മൻ (കറ്റാനത്ത് വലിയ വീട്ടിൽ) എന്നിവരുടേയും അനുഗ്രഹാശിസ്സുകളോടെയും **1902 ൽ** ആരംഭിച്ച വിദ്യാല്യമാണ് എസ്. സി. സെമിനാരി.

**മദ്ധ്യതിരുവിതാംകൂറിന്റെ തിലകക്കുറിയായി പരിലസിക്കുന്ന എസ്.സി സെമിനാരി ഹയർ സെക്കന്ററി സ്കൂൾ 116-ാം വയസ്സിലേയ്ക്കു പ്രവേശിച്ചിരിക്കുന്നു.** പൂർവ്വപിതാക്കന്മാരുടെ പ്രാർത്ഥനയാലും അക്ഷീണപരിശ്രമത്താലും മൂല്യാധിഷ്ഠിതങ്ങളിൽ ഊന്നൽ നൽകി സ്ഥാപിതമായ ഈ മുതുമുത്തശ്ശി നാടിനും രാജ്യത്തിനും ജ്യോതിസ്സായി വിളങ്ങുന്നു. ഈ സരസ്വതീക്ഷേത്രത്തിൽ നിന്നും പകർന്നുകിട്ടിയ അറിവിന്റെ വിത്തുകൾ പേറി ലോകത്തിന്റെ നാനാഭാഗങ്ങളിൽ വിവിധ കർമ്മ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന വ്യക്തിത്വങ്ങൾ ഉണ്ടെന്നതിൽ ഈ സെമിനാരി എന്നും പുളകിതയാണ്.

# എസ്.സി സെമിനാരിയുടെ അമൂല്യ സമ്പത്ത്

പ്രഗല്ഭരും പ്രശസ്തരുമായ നിരവധി പൂർവ്വ അദ്ധ്യാപകരും വിദ്യാർത്ഥികളും ഈ സ്കൂളിന്റെ അമൂല്യ സമ്പത്താണ്. **ശ്രീ. എം. ആർ ദാസ്**, സിനിമാ സംവിധായകരായ **ശ്രീ. ബ്ലെസ്സി, ശ്രീ. കെ.ജി. ജോർജ്ജ്, ശ്രീ. ബാബു തിരുവല്ല**, പൊതുപ്രവർത്തകരായ **ശ്രീ. പി. സി. തോമസ് (Ex. M.L.A), ശ്രീ. മാത്യു റ്റി തോമസ് (ജലവിഭവ വകുപ്പ് മന്ത്രി)**, ശാസ്ത്രമേഖലയിൽ ഉയരങ്ങൾ കീഴടക്കിയവർ, പാചക വിദഗ്ദൻ **ശ്രീ. നൗഷാദ്**, അർജുന അവാർഡ് ജേതാവ് **ശ്രീ. ജോർജ്ജ് തോമസ്**, പ്രശസ്ത നോവലിസ്റ്റ് **ശ്രീ. മലയാറ്റൂർ രാമകൃഷ്ണൻ**, ബിഷപ്പ് **അഭിവന്ദ്യ തോമസ് ശാമുവേൽ തിരുമേനി** എന്നിവർ ഇവരിൽ ചിലർ മാത്രം.

# ഇന്ന്

2017-18 ലെ എസ്.സി.എസ്.എച്ച്.എസിലെ അമരക്കാരിയായി ശ്രീമതി.ഗീത റ്റി. ജോർജും സീനിയർ അസിസ്റ്റന്റായി ശ്രീമതി. ഷീല തോമസും നേതൃത്വം നൽകി വരുന്നു.

ഈ വിദ്യാലയത്തിൽ ആകെ "33" അദ്ധ്യാപകരും "05" അനദ്ധ്യാപകരും "888" വിദ്യാർത്ഥികളും IED വിഭാഗം കുട്ടികൾക്കായി "ഒരു" അദ്ധ്യാപികയും പ്രവർത്തിച്ചു വരുന്നു. യു.പി വിഭാഗത്തിൽ 10 ഉം എച്ച് എസ് വിഭാഗത്തിൽ 14 ഡിവിഷനുകളും നില വിലുണ്ട്.

## മികവുകൾ

### അക്കാദമികം

1. എസ്.എസ്.എൽ.സി പരീക്ഷയിലെ ഉന്നതവിജയം 100%.
2. വിവിധ വിഷയങ്ങളിൽ A+ നേടുന്ന കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധന
3. IED വിഭാഗത്തിലുള്ള കുട്ടികൾക്കുള്ള പ്രത്യേക പരിശീലനം
4. സംസ്ഥാനതലത്തിൽ ബയോളജി വിഭാഗത്തിൽ നിന്ന് സൂസൻ മാത്യു ടീച്ചർ ടീച്ചിംഗ് എയ്ഡ് മത്സരത്തിൽ പങ്കെടുക്കുകയും A+ ഗ്രേഡ് കരഗതമാക്കുകയും ചെയ്തു.
5. എസ്.ആർ.ജിയിലേക്ക് ശ്രീമതി. സൂസൻ മാത്യുവിനെ ബയോളജി വിഭാഗത്തിലേക്ക് തെരഞ്ഞെടുത്തു.

### Talent Lab

കുട്ടിയുടെ ഉള്ളിലുള്ള സർഗാത്മകശേഷി വികസനമാണ് **Talent Lab**. പ്രവൃത്തിപരിചയപഠനം, സംഗീതപരിശീലനം, കായികശേഷി പഠനം എന്നീ പാഠ്യേതര പ്രവർത്തനങ്ങളിലൂടെ ഒരുവന്റെ ഉള്ളിലെ സർഗ്ഗവാസനകൾ രൂപപ്പെടുത്തുവാനും അവയെ പരിപോഷിപ്പിക്കുന്നതിനും **Talent Lab** ലൂടെ സാധ്യമായിത്തീരുകയും ചെയ്തു.

സംസ്ഥാനതലം വരെ **W.E, Arts & Sports, സാമൂഹിക - ശാസ്ത്ര - ഗണിത - I.T** മേഖലകളിൽ തങ്ങളുടെ കഴിവുകൾ തെളിയിക്കുവാൻ വിദ്യാർത്ഥികൾക്ക് ഇടയായിത്തീർന്നു.

### ജൈവവൈവിധ്യ ഉദ്യാനം

പ്രകൃതിയെ സംരക്ഷിക്കുന്നതിനും വിദ്യാലയത്തെ ഹരിതാഭമാക്കുന്നതിനും വിവിധതരത്തിലുള്ള ചെടികളും ഫലവൃക്ഷങ്ങളും സ്കൂൾ ക്യാമ്പസിനെ മനോഹരമാക്കുന്നതിനും വേണ്ടി സ്കൂൾ അങ്കണത്തിൽ ജൈവവൈവിധ്യ ഉദ്യാനം ഒരുക്കി. ഒപ്പം വിഷലിപ്തമായ പച്ചക്കറികൾ സ്കൂൾ വളപ്പിൽ നട്ടുനനച്ച് വളർത്തുന്നതിലൂടെ കുട്ടികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്താനും സാധിച്ചു. മണ്ണും മരങ്ങളും എല്ലാ മനുഷ്യജീവന്റെ നിലനില്പിന് ആധാരമാണെന്നും പ്രകൃതിയില്ലെങ്കിൽ നാമില്ലെന്നും വരും തലമുറയ്ക്കു ഇവിടെ വാസം സാദ്ധ്യമാവണമെങ്കിൽ പ്രകൃതിയും ഉദ്യാനവും അനിവാര്യമാണെന്നും അതിനുള്ള ക്രമീകരണങ്ങൾ പരിസ്ഥിതി ക്ലബിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തിവരികയും ചെയ്യുന്നു.

## സാങ്കേതികത്വം

116 വർഷത്തെ പാരമ്പര്യമുള്ള ഈ സരസ്വതീ ക്ഷേത്രം പഠന - പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നൽകി മൂല്യബോധവും പൗരബോധവുമുള്ള തലമുറയെ സൃഷ്ടിച്ചെടുക്കുന്നതിൽ ശ്രദ്ധചെലുത്തി വരുന്നു. ഓരോ കുട്ടിയും വളരുന്നതും വിദ്യാഭ്യാസം നേടുന്നതും സമൂഹത്തിന്റെ വിഭവങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടാണ്. അതിനാൽ സാമൂഹിക പ്രതിബദ്ധത ഓരോ വിദ്യാർത്ഥിയിലും സൃഷ്ടിക്കുന്നതിനോടൊപ്പം പരിഷ്കരിച്ച പാഠ്യ പദ്ധതിയനുസരിച്ച് വിവര സാങ്കേതിക വിദ്യയിലൂടെ അദ്ധ്യാപനത്തിൽ കൂടുതൽ മികവ് കൈവരിക്കുന്നതിനായി ആധുനിക സൗകര്യങ്ങൾ ഉള്ള Hi-Tech ക്ലാസ് മുറികൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നു.

തത്ഫലമായി **പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, പൂർവ്വ അദ്ധ്യാപക ശ്രേഷ്ഠർ, അഭ്യുദയകാംക്ഷികൾ, ദേവി റേഡിയോസ് ഗ്രൂപ്പ്, പ്രാദേശിക വികസന ഫണ്ടിൽ** നിന്നും സമാഹരിച്ച 10 ലക്ഷം രൂപ ശ്രീ. ആന്റോ ആന്റണി എം.പിയും അദ്ധ്യാപക - അനദ്ധ്യാപക - വിദ്യാർത്ഥികൾ എന്നിവരുടെ നിർലോഭമായ ധനശേഖരണത്തിലൂടെ Hi-Tech ക്ലാസ്സ് മുറികൾ സജ്ജീകരിച്ചിരിക്കുന്നു.

## Infrastructure

ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ക്ലാസ്സ് മുറികളും വൈദ്യുതീകരിക്കുകയും **ഫാൻ, ലൈറ്റ്, സുസജ്ജമായ കമ്പ്യൂട്ടർ ലാബുകൾ, ലാബോറട്ടറികൾ, ക്ലാസ്സ് മുറികൾ Tile പാകുകയും ജനാലകൾക്ക് കർട്ടൻ ഇടുകയും അതിവിശാലമായ കളിസ്ഥലവും കുട്ടികൾക്ക് ആത്മീയകാര്യങ്ങൾ ഗ്രഹിക്കുന്നതിന് പ്രാർത്ഥനാമുറിയും പ്രൊഫ. പി.ജെ കുര്യൻ എം.പി ഫണ്ടിൽ നിന്നും Girls Toilet നു വേണ്ടി 6 ലക്ഷം രൂപാ നൽകുകയും അത്യാധുനിക രീതിയിലുള്ള Bathroom പണികളും ചെയ്തു.**

പൂർവ്വ വിദ്യാർത്ഥിയായിരുന്ന **ബ്രിഗേഡിയൻ തോമസ് നൈനാൻ സർ** ലൈബ്രറി നവീകരണത്തിന് ആവശ്യമായ ധനസഹായം നല്കുകയും 08/07/2016-ൽ നവീകരിക്കുകയും കഥ/കവിത/ഉപന്യാസം/ലേഖനം എന്നിങ്ങനെ സാഹിത്യ സൃഷ്ടികളെ വിവിധ ഷെൽഫുകളിൽ തരംതിരിക്കുകയം കുട്ടികൾ ആഴ്ചയിൽ 3 ദിവസം പുസ്തകങ്ങളെടുത്ത് വായിക്കുകയും വായനയെ പരിപോഷിപ്പിക്കുകയും ചെയ്തുവരുന്നു.

1979 ലെ 10-ാം ക്ലാസ്സ് ബാച്ചുകാർ **C.C.T.V (Camers Surveilance & Audio System),** Office ൽ **Inverter, Printer, Photostat copy machine** എന്നിവ നല്കിത്തരികയും ഭൗതികസാഹചര്യം ഏറെ മെച്ചപ്പെടുത്തുകയും ചെയ്തു. **വിദ്യാലയ അങ്കണം പൂർത്ത കിടികൾ, ചെടികൾ, Tiles** എന്നിവ പാകി ഏറെ നയനാഭിരാമമാക്കി മാറ്റുകയും ചെയ്തു.

# പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടം

## 1. മാതൃഭാഷ - മലയാളം

മാതൃഭാഷയായ മലയാളം വ്യക്തമായും സ്പഷ്ടമായും എഴുതുവാനും വായിക്കുവാനുമുള്ള ശേഷി നേടിയെടുക്കുന്നതിനായി വായനയിലുള്ള താല്പര്യക്കുറവ് മാറ്റിയെടുക്കുവാൻ ലൈബ്രറി സുഗമമായി പ്രവർത്തിക്കുന്നതിനും വായനക്കുറിപ്പുകൾ തയ്യാറാക്കി മികച്ചവ സ്ക്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിനും അവസരം നൽകിവരുന്നു.

## 2. വൈദേശിക ഭാഷ - ഇംഗ്ലീഷ്

വൈദേശിക ഭാഷയായ ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യുന്നതിന് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകളും മാസത്തിലെ എല്ലാ വെള്ളിയാഴ്ചയും ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഇംഗ്ലീഷ് അസംബ്ലി നടത്തി വരുന്നു. Puzzles, Word Game, Word Pyramid, Balarama Digest എന്നിവയിലൂടെ ഇംഗ്ലീഷ് ഭാഷാപഠനത്തിന്റെ നൈപുണികൾ നേടിയെടുക്കുവാനും കുട്ടികളെ പ്രാപ്തരാക്കിവരുന്നു.

## 3. രാഷ്ട്രഭാഷ - ഹിന്ദി

ദേശഭാഷയായ ഹിന്ദി പഠനം സുഗമമാക്കുന്നതിനും ലളിതമായി കൈകാര്യം ചെയ്യുന്നതിനും ഹിന്ദി അക്ഷരങ്ങൾ ചേർന്നുവരുന്ന **പാട്ടുകളുടെ സി.ഡി. കേൾപ്പിക്കുകയും** Word Game, Word Pyramid എന്നിവയും നടത്തി വരുന്നതോടൊപ്പം എല്ലാ ബുധനാഴ്ചയും ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഹിന്ദി ടീച്ചേഴ്സിന്റെ മേൽനോട്ടത്തിൽ **ഹിന്ദി അസംബ്ലി ഓരോ ക്ലാസ്സുകൾ** വീതം നടത്തി വരുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഹിന്ദി ഭാഷ സുതാര്യമായി ഉപയോഗിക്കുന്നതിന് കുട്ടികളെ സജ്ജരാക്കി വരുന്നു.

## 4. No Alcohol Campus

ആധുനിക തലമുറയിലെ കുട്ടികളെ മാനസികമായും ശാരീരികമായും കായികപരമായും വൈകാരികപരമായും പക്വത വരുത്തുന്നതിനും ലഹരി മരുന്നുകളുടേയും മദ്യം, മയക്കുമരുന്ന് പോലെ കുട്ടികളെ കാർന്നു തിന്നുന്ന ലഹരി വസ്തുക്കൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനായി ലഹരി വിരുദ്ധ കൗൺസിലിംഗ് ക്ലാസ്സുകൾ നയിച്ചു വരുന്നു.

ഒപ്പം നിരണം - മാരാമൺ ഭദ്രാസന കൗൺസിലിംഗിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന കൗൺസിലിംഗ് ക്ലാസ്സ് നയിക്കുന്ന ശ്രീമതി. ലീന ഏബ്രഹാം എല്ലാ വ്യാഴം, വെള്ളി ദിവസങ്ങളിൽ സ്ക്കൂൾ സന്ദർശിച്ച് ആവശ്യമായ കുട്ടികൾക്ക് വ്യക്തിപരമായി കൗൺസിലിംഗ് ക്ലാസ്സുകൾ നൽകുന്നുണ്ട്.

## 5. സാമൂഹ്യ അവബോധം

ദേശസ്നേഹം ഊട്ടിയുറപ്പിക്കുന്നതിനും മതസൗഹാർദ്ദം വളർത്തിയെടുക്കുന്നതിനും പ്രത്യേക ക്ലാസ്സുകൾ നയിക്കുകയും ദേശഭക്തിഗാനം, ജീവൻ ബലിയർപ്പിച്ച മഹാരഥന്മാരുടെ ജീവചരിത്രം അറിയുന്നതിനും അവരുടെ ചിത്രങ്ങൾ കണ്ടെത്തുന്നതിനും സാമൂഹ്യപരിഷ്കർത്താക്കളെക്കുറിച്ച് അവബോധം കുട്ടികളിൽ എത്തിക്കുന്നതിനും വേണ്ട അവസരങ്ങൾ സ്കൂൾ യുവജനോത്സവം, സർഗ്ഗവേള എന്നീ വേളകളിൽ നൽകി വരുന്നു.

## 6. Eco - friendly school

പരിസ്ഥിതിയെക്കുറിച്ചുള്ള അവബോധം നൽകുന്നതിനും പാരിസ്ഥിതിക പ്രശ്നങ്ങൾ എന്തെല്ലാമെന്നുള്ള ബോധവത്ക്കരണം Eco- Club ന്റെ നേതൃത്വത്തിൽ നൽകി വരുന്നു. **ജലം അമൂല്യമാണെന്നും ജീവന്റെ നിലനിൽപ്പിന് ജലം ആധാരമാണെന്നും** സ്കൂൾ ക്യാമ്പസിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വിമുക്തമാക്കി **"Clean Campus- Save Campus"** എന്ന ആശയം കുട്ടികളിലെത്തിക്കുവാൻ ഇടയാക്കുന്നു. ഉച്ചഭക്ഷണം ഇലപ്പൊതികളിൽ ഒഴിവാക്കി സ്റ്റീൽ പാത്രങ്ങളിൽ കൊണ്ടുവരുന്നതിന് നിർദ്ദേശിക്കുകയും അവ പ്രവൃത്തിപഥത്തിലെത്തിക്കുവാൻ വേണ്ട മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

# വെല്ലുവിളികൾ/പരിമിതികൾ

നവകേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ മുന്നോടിയായി എയ്ഡഡ് - സർക്കാർ വിദ്യാലയങ്ങൾ ദീർഘകാല കാഴ്ചപ്പാടോടുകൂടി സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി രൂപീകരണവും ഹൈടെക്ക് മാതൃകയിലുള്ള ക്ലാസ്സ് മുറികൾ രൂപീകരിക്കുന്നുവെങ്കിൽ തന്നെയും ധാരാളം വെല്ലുവിളികൾ അധ്യാപകർ നേരിടേണ്ടതായി വരുന്നുണ്ട്.

1. സ്കൂളിൽ അച്ചടക്കം വരുത്തേണ്ടതിന്റെ ഭാഗമായും കുട്ടികൾ മോശം പ്രവണതകൾ കാട്ടുമ്പോഴും പഠനത്തിൽ പിന്നോക്കാവസ്ഥയിലേക്ക് പോകുമ്പോഴും അധ്യാപകർ നേർവഴിയിലേക്ക് നടത്തേണ്ടുന്നതിന്റെ ഭാഗമായി ശിക്ഷാനടപടികൾ / നിലപാടുകൾ സ്വീകരിക്കുമ്പോൾ പലപ്പോഴും നിയമാവലികൾ നൂലാമാലകളായിത്തീരാറുണ്ട്.

2. പി.റ്റി.എ പോലുള്ള മീറ്റിംഗുകളിൽ പോലും മാതാപിതാക്കളുടെ നിസ്സഹകരണം നന്നേ അനുഭവപ്പെടാറുണ്ട്.

3. പൊതു പരീക്ഷകളിൽപ്പോലും കുട്ടികളുടെ പരാജയമില്ലായ്മയും അനാവശ്യമായ C.E മാർക്കും ഗ്രേഡിംഗ് മാർക്കുമെല്ലാം നൽകുന്നതുമൂലം ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം കുട്ടികൾക്ക് എത്രത്തോളം നിലവാരം പുലർത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വിചിന്തനം ചെയ്യേണ്ട സംഗതിയാണ്.

4. ആധുനിക സമൂഹമാദ്ധ്യമങ്ങളായ **Internet, Facebook, WhatsApp, Twitter** എന്നിവയുടെ അതിപ്രസരം സമൂഹത്തെയും അതുവഴി കുട്ടികളെയും കാർന്നു തിന്നുന്നതുമൂലം പഠനത്തിലുള്ള താല്പര്യക്കുറവ് ഒട്ടുമിക്ക വിദ്യാർത്ഥികളിലും കണ്ടുവരുന്നുവെന്നുള്ളത് വാസ്തവമായ സംഗതിയാണ്.

5. ആധുനിക സമൂഹത്തിലെ മാതാപിതാക്കൾ തമ്മിലുള്ള പൊരുത്തമില്ലായ്മ, വൈധവ്യം, അനാഥത്വം, മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി പദാർഥങ്ങൾ എന്നിവയുടെ അമിത ഉപയോഗം മൂലം കുട്ടികൾ വീട്ടിൽ സുരക്ഷിതത്വമില്ലാത്തവരാണ്. പഠനത്തിൽ ശ്രദ്ധ ചെലുത്തുവാൻ രക്ഷകർത്താക്കൾക്ക് സാധിക്കാതെ വരുന്നു.അണുകുടുംബങ്ങളിലെ വിള്ളലുകൾ കുട്ടികളുടെ പഠനക്രമത്തെ കാര്യമായി ബാധിച്ചിരിക്കുന്നുവെന്നതും മറ്റൊരു വെല്ലുവിളിയാണ്.

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## മലയാളം

വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക നിലവാരം നിർവ്വഹിക്കുവാൻ വേണ്ടി തയ്യാറാക്കിയതാണ് അക്കാദമിക്ക് മാസ്റ്റർ പ്ലാൻ. വിദ്യാലയം മുന്നോട്ട് വയ്ക്കുന്ന പ്രവർത്തനങ്ങൾ ലക്ഷ്യങ്ങൾക്ക് അതീതമായിരിക്കണം. എല്ലാ കുട്ടികളെയും പുരോഗതി യിലേക്ക് നയിക്കുന്നതുവഴി അവരവരുടെ കടമകൾ സ്വയം നിറവേറ്റുവാൻ കുട്ടിക്ക് അവ സരമുണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കണം. ഓരോ കുട്ടിയും പ്രമോട്ട് ആകുമ്പോൾ മികവിന്റെ ഒരു കണികയെങ്കിലും കുട്ടികൾ നേടിയെടുത്തിരിക്കണം.

### ലക്ഷ്യം

എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം

### ഉപലക്ഷ്യം.

പര്യാപ്തമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പഠനപ്രവർത്തനങ്ങൾ സുഗമമവും ലളിതവുമാക്കുന്നു.

| Sl No. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചിലവ് | ചുമതല | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | മലയാള ഭാഷയെ മികവിന്റെ പാതയിൽ എത്തിക്കുക, എല്ലാ കുട്ടികളെയും വായിക്കുവാനും എഴുതുവാനുള്ള കർമ്മശേഷി വികസിപ്പിച്ചെടുക്കുക | **അക്ഷരച്ചൊല്ല്**<br>സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ അക്ഷരങ്ങൾ ചേർന്ന വാക്കുകൾ വായിക്കുവാനും എഴുതുവാനും ഉള്ള നിർമ്മാണം. | ഹ്രസ്വം | | 100/- | ലൈബ്രേറിയൻ അധ്യാപിക | |
| 2 | അക്ഷരങ്ങൾ വ്യക്തവും വസ്തുനിഷ്ഠവുമായുള്ള പുനഃനിർമ്മാണം | **മലയാള പുലരി**<br>ചിഹ്നങ്ങൾ ചേർന്ന് വാക്കുകൾ നിർമ്മിക്കാം. | ഹ്രസ്വം | | 100/- | അധ്യാപകർ രക്ഷിതാക്കൾ | |
| 3 | കുട്ടികൾ ലൈബ്രറിയിലൂടെ ചെറുകഥകൾ, കവിതകൾ എന്നിവ പരിചയപ്പെടുത്തുന്നതിനും ഗ്രഹിക്കുന്നതിനും | **വായനാക്കൂട്ടം**<br>ചെറുകഥകൾ, കവിതകൾ സ്വന്തമായി വായിക്കുന്നു. കുട്ടികളുടെ ഭാവനയിൽ ചെറുകഥകളും ചെറു കവിതകളും നിർമ്മിക്കുന്നു. | | | 100/- | | |
| 4 | റ്റാലന്റ് ലാബ് നാടൻ പാട്ടുകളുടെ ചരിത്രാവലോകനം ഈണത്തിലും താളത്തിലും ചൊല്ലുന്നതിന്. | **മാണിക്യചെമ്പഴുക്ക**<br>നാടൻപാട്ടിന്റെ ശീലുകളും തനിമയും വായ്ത്താരികളും ഉൾക്കൊണ്ടുള്ള നാടൻപാട്ടവതരണം. നാടൻപാട്ടിൽ പ്രശസ്തി നേടിയ കലാകാരൻമാരുടെ നാടൻപാട്ടുകൾ കണ്ടെത്തുകയും ശേഖരണം നടത്തുകയും ചെയ്യുന്നു. ഐ.ടി സാദ്ധ്യത | ദീർഘം | സി.ഡി, കമ്പ്യൂട്ടർ, നാടൻ പാട്ടുകളുടെ ശേഖരണ പുസ്തകങ്ങൾ | 150/- | മലയാളം അധ്യാപകർ രക്ഷിതാക്കൾ | നാടൻ പാട്ടു കലാ-കാരൻമാർ |

| Sl No. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചിലവ് | ചുമതല | പിന്തുണ |
|---|---|---|---|---|---|---|---|
| 5 | ചിത്രങ്ങൾ വരയ്ക്കുന്നതിനുള്ള കഴിവ് നേടിയെടുക്കുന്നു. | **വായിക്കാം വരയ്ക്കാം** വായനയിലൂടെ ആശയങ്ങൾ മനസ്സിലാക്കി ഭാവനയിലൂടെ ചിത്രം വരയ്ക്കുന്നു. | മധ്യമം | ചിത്ര പുസ്തകങ്ങൾ | 400/- | അധ്യാപിക | ചിത്രം വരയ്ക്കുന്നവർ (ചിത്രകാരൻ) |
| 6 | നേരിട്ടോ വായിച്ചോ അറിഞ്ഞ കാര്യങ്ങളുടെ സവിശേഷതകൾ ഉൾക്കൊണ്ടും സ്വന്തം കാഴ്ചപ്പാടുകൾ ഉൾക്കൊള്ളിച്ചും കവിതകൾ വിശകലനം ചെയ്യുന്നു. | **വിശകലനം ചെയ്യാം** കവിതകൾ, ഗ്രന്ഥങ്ങൾ എന്നിവ ആഴത്തിൽ വായിക്കുന്നു. സ്വന്തം അഭിപ്രായങ്ങൾ പറയുന്നു. | ഹ്രസ്വം | കവിതാ-പുസ്തകങ്ങൾ | | അധ്യാപിക, വിദ്യാർത്ഥികൾ | |
| 7 | എല്ലാ കവിതകൾക്കും ആശയവും താളവും അക്ഷര സ്ഫുടതയും ഉണ്ടെന്നുള്ള ലക്ഷ്യ ബോധത്തിലേക്ക് നയിക്കുന്നു. | **ചൊല്ലാം ഈണത്തിൽ** കവിതകളുടെ താളം തിരിച്ചറിഞ്ഞ് തൻമയീ ഭാവത്തോടെ ചൊല്ലിപ്പിക്കുന്നു. (കാവ്യാലാപനം) ഈണങ്ങൾ കകണ്ടെത്തുന്നു. | ഹ്രസ്വം | പുസ്തകങ്ങൾ | | അധ്യാപിക | |
| 8 | കവിതകളിലെ, കഥകളിലെ സവിശേഷമായ പ്രയോഗഭംഗി, രചനാഭംഗി, വൈവിധ്യത തുടങ്ങിയ സവിശേഷതകൾ പരിഗണിച്ചും സ്വന്തം കാഴ്ച-പ്പാടുകൾ ഉൾക്കൊള്ളിച്ചും പറഞ്ഞും എഴുതിയും ആസ്വാദനം അവതരിപ്പിക്കുന്നു. | **ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കാം** കവിതകൾ, കഥകൾ വായിച്ച് സവിശേഷ പദപ്രയോഗങ്ങൾ കണ്ടെത്തി കൂടുതൽ തെളിമയുള്ളതും ആകർഷണമാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ<br>കവിതാശേഖരണം<br>കവിത രചിക്കൽ / കഥ വായിച്ച-വതരിപ്പിക്കൽ<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | മധ്യമം | കവിതാ പുസ്തകങ്ങൾ, സി.ഡി, കമ്പ്യൂട്ടർ | | അധ്യാപകർ | |

| Sl No. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചിലവ് | ചുമതല | പിന്തുണ |
|---|---|---|---|---|---|---|---|
| 9 | കഥയുടെ പ്രമേയവുമായി ബന്ധപ്പെട്ട് കഥാപാത്രത്തെ വിശകലനം ചെയ്യുന്നതിനും കണ്ടെത്തലുകളും അഭിപ്രായങ്ങളും അവതരിപ്പിക്കുവാനുള്ള അറിവ് നേടുക | **കഥാപാത്ര നിരൂപണം**<br>കഥ അവതരണം<br>കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ<br>കഥാപാത്രത്തിന് അനുഭവപ്പെടുന്ന വൈകാരിക ഭാവങ്ങൾ കോർത്തിണക്കി കഥാപാത്ര അവതരണം. | മധ്യമം | കഥാ പുസ്തകങ്ങൾ പാഠപുസ്തകങ്ങൾ | 250/- | അധ്യാപകർ | |
| 10 | കണ്ടെത്തൽ പഠനം, സർഗ്ഗവാസന എന്നിവ നേടിയെടുക്കുന്നതിന്. | **എന്റെ കഥാപുസ്തകം**<br>വ്യത്യസ്തങ്ങളായ ചെറുകഥകൾ അടങ്ങിയ ഒരു ചെറുകഥാ പുസ്തകം തയ്യാറാക്കുന്നു. | ദീർഘം | ചെറുകഥാ പുസ്തകങ്ങൾ, നോവലുകൾ,ബാലരമ etc.. | 200/- | അധ്യാപകർ, രക്ഷിതാക്കൾ | ലൈബ്രറിയൻ |
| 11 | അനുഭവങ്ങളിലൂടെയും കണ്ടെത്തലുകളിലൂടെയും ആശയങ്ങൾ ഗ്രഹിക്കുകയും പഠന നേട്ടം കൈവരിക്കുകയും ചെയ്യുന്നു. | **വിവരശേരണം**<br>ചരിത്രങ്ങൾ ഉറങ്ങുന്ന മണ്ണിനെക്കുറിച്ചൊരെത്തിനോട്ടം.<br>ചരിത്രസ്മാരകങ്ങൾ സന്ദർശിക്കുന്നു (പഠനയാത്ര)<br>സാഹിത്യകാരൻമാർ, അനുഷ്ഠാന കലകൾ എന്നിവ പരിചയപ്പെടുന്നു. | ദീർഘം | കമ്പ്യൂട്ടർ സി.ഡി | 300/- | അധ്യാപകർ, പി. റ്റി. എ രക്ഷിതാക്കൾ | |

# ഇംഗ്ലീഷ്

| Sl. No | Content | Activity | Period | Materials | Division of duty & responsibility | Support |
|---|---|---|---|---|---|---|
| 1 | Alaphabet Familiarization | Drilling | Short | Books, Library | Teachers , Parents | PTA, Media, School Body |
| 2 | Familiarizing phonetic sounds | Showing flash cards of different phonemes, | Short | Language Lab, ICT | | |
| 3 | Blending of phonetic script and words | Showing picture cards, word cards, phonetic script cards, ICT | Short | ICT, Text Book, Chart | | |
| 4 | Story Time | Forming Short Stories and descriptions from the text book | Long | Text Book, Library, ICT | | |
| 5 | Public Speaking | Conversation news reading recitation speech | Long | News Paper, Poems from the text book, ICT, Text Book | | |

## Limitations

- Lack of technical facilities
- Time limit,
- Lack of language Lab
- Syllabus change
- Transfer of teachers

## Vision

- A value based education
- To build up a better citizen